3661
18/2/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.ഡി. സജീവ് ലാലിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.365/2017/തസ്വഭവ  തീയതി, തിരുവനന്തപുരം, 09.02.2017

==========================================================================

പരാമർശം: 1. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 23.04.2014-ലെ സി/2356/13/K.Dis. നമ്പർ കത്ത്

2. സർക്കാരിന്റെ 09.10.2014-ലെ 59194/ഇപിബി2/14/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.ഡി. സജീവ് ലാൽ സമർപ്പിച്ച എതിർവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2015-ലെ ഡി2-40752/14 നമ്പർ കത്ത്

**ഉത്തരവ്**

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 254/5-ൽ ഉൾപ്പെട്ട സ്ഥലത്തുള്ള അനധികൃത ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ച് ശ്രീ. ഇബ്രാഹിം എന്നയാൾ നൽകിയ പരാതിയിന്മേൽ എറണാകുളം സീനിയർ ടൗൺ പ്ലാനർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം താഴെപ്പറയുന്ന ക്രമക്കേടുകൾ ചൂണ്ടിക്കാട്ടി റിപ്പോർട്ട് സമർപ്പിച്ചു.

1. നിർമ്മാണത്തിന്റെ തെക്ക് പടിഞ്ഞാറ് വശങ്ങളിൽ KMBR 117 (2 ) പ്രകാരം വേണ്ട 5 മീറ്റർ വീതിയിലുള്ള തുറന്ന സ്ഥലം ലഭ്യമല്ല.
2. FAR-ൽ ചട്ട ലംഘനം ഉള്ളതായി കാണുന്നു.
3. KMBR 34 പ്രകാരം ആവശ്യമായ കാർ പാർക്കിംഗ് ലഭ്യമല്ല.
4. KMBR 34 (4 ) പ്രകാരം വേണ്ട ടൂ വീലർ പാർക്കിംഗ് രേഖപ്പെടുത്തിയിട്ടില്ല
5. KMBR 34 (5 ) പ്രകാരം വേണ്ട വിസിറ്റേഴ്സ് പാർക്കിംഗ് രേഖപ്പെടുത്തിയിട്ടില്ല.
6. KMBR 40 A (5 ) പ്രകാരം Disabilities-ന് വേണ്ട പാർക്കിംഗ് രേഖപ്പെടുത്തിയിട്ടില്ല.
7. ഗ്രൗണ്ട് ഫ്ലോറിനും ഫസ്റ്റ് ഫ്ലോറിനും KMBR 49 (1 ) പ്രകാരം വേണ്ട ലൈറ്റും വെന്റിലേഷനും ലഭ്യമല്ല.
8. ഗ്രൗണ്ട് ഫ്ലോറിനും ഫസ്റ്റ് ഫ്ലോറിനും KMBR 54 (6 ) പ്രകാരം വേണ്ട ശുചീകരണ സൗകര്യങ്ങൾ (W/C, Urinal , wash basin) എന്നിവ ലഭ്യമല്ല.
9. KMBR 40 A (4 ) പ്രകാരം Disabilities-നു വേണ്ട Toilet രേഖപ്പെടുത്തിയിട്ടില്ല.
10. KMBR 117 (1 ) പ്രകാരം കെട്ടിടത്തിനു ചുറ്റും 5 മീറ്റർ വീതിയിൽ motorable open space ലഭ്യമല്ല.
11. അംഗീകൃത പ്ലാനിൽ നിന്നും വ്യത്യസ്തമായി നിർമാണം നടത്തിയിരിക്കുന്നു.
12. ജില്ലാ ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരം നേടിയിട്ടില്ല.

തുടർന്ന് മേൽ നിർമ്മാണത്തിന് അനുമതി നൽകിയതിന് ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ടി.ഡി. സജീവ് ലാലിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രം നൽകുകയുമുണ്ടായി.

കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം നൽകിയ എതിർവാദ പത്രികയിൽ പെർമിറ്റ് ഫീസ് അടയ്ക്കുന്നതിന് ഇളവ് കിട്ടുന്നതിന് അപേക്ഷകൻ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പകുതി ഫീസ് വാങ്ങി നിയമ പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിന് ബഹു. ഹൈക്കോടതിയിൽ നിന്നും 08.09.2010-ൽ ഇടക്കാല ഉത്തരവ് ഉണ്ടായതിനാൽ ഫയൽ പരിശോധിച്ച് സെക്ഷൻ ക്ലാർക്ക് നോട്ട് സമർപ്പിച്ചതിനെ തുടർന്ന് 04.11.2010-ൽ പെർമിറ്റ് നൽകുകയുമാണുണ്ടായത് എന്ന് അറിയിക്കുകയുണ്ടായി. ടിയാൻ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ചുമതലയിൽ പ്രവേശിക്കുമ്പോൾ പെർമിറ്റ് ഫയലിലെ നടപടിക്രമങ്ങൾ ഏകദേശം പൂർണമാകുന്ന അവസ്ഥയിലായിരുന്നുവെന്നും ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും 2010 പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ അവസാനഘട്ട തിരക്കും കാരണം സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടും സെക്ഷൻ കുറിപ്പും പരിഗണിച്ചാണ് പെർമിറ്റ് നൽകിയത് എന്നും അതിനാൽ കുറ്റാരോപണത്തിൽ നിന്നും മുക്തനാക്കണമെന്നും തന്നെ നേരിൽ കേൾക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ 16.11.16-ന് നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിലും ടിയാൻ എതിർവാദ പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി. മേൽ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് 2013-ന ശേഷം പുതുക്കി നൽകിയിട്ടില്ലെന്നും കെട്ടിട നമ്പർ നാളിതുവരെ നൽകിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. കൂടാതെ ടിയാൻ പഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുന്നത് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ അവസാനഘട്ടത്തിലായിരുന്നുവെന്നും അതിനാൽ ടി തെരഞ്ഞെടുപ്പിന്റെ തിരക്കുമൂലം മേൽ ഫയൽ വിശദമായി പരിശോധിക്കുവാൻ സാധിച്ചിരുന്നില്ലെന്നും അതിനാൽ മേൽ മറുപടിയുടെ വെളിച്ചത്തിൽ തന്നെ കുറ്റവിമുക്തനാക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെയും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അപേക്ഷകർക്ക് കെട്ടിട നിർമ്മാണ അനുമതി നൽകിയതെന്നാണ് ശ്രീ. സജീവ് ലാൽ അവകാശപ്പെടുന്നതെങ്കിലും 50-ൽ അധികം വരുന്ന വീടുകൾ ഉൾപ്പെടുന്ന ഹൗസിംഗ് കോംപ്ലക്സുകളിൽ ജില്ലാ ടൗൺ പ്ലാനർ അംഗീകരിച്ച ലേ ഔട്ട് ഉൾപ്പെടെ ടി നിർമ്മിതികൾക്ക് ബാധകമാക്കപ്പെട്ട സാങ്കേതിക പ്രാമാണ്യ രേഖാനുമതികൾ ഉണ്ടെന്നും, അവ വ്യവസ്ഥാപിത യോഗ്യമാണെന്നും ഉറപ്പുവരുത്തുന്നതോടൊപ്പം അനുബന്ധമായി ചേർക്കപ്പെട്ട പ്ലാനിന്റെ സാധുതയും സെക്രട്ടറിയായിരുന്ന ശ്രീ. സജീവ് ലാൽ ഉറപ്പുവരുത്തേണ്ടതായിരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം ശ്രീ. സജീവ് ലാൽ സമർപ്പിച്ച എതിർവാദപത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശ്രീ. സജീവ് ലാൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയപ്പോൾ നിർമ്മാണാനുമതിക്ക് ബാധകമാക്കപ്പെട്ട പ്രമാണങ്ങളും രേഖാനുമതികളും ഉണ്ടോയെന്ന് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തിരഞ്ഞെടുപ്പിന്റെ തിരക്കുമൂലം ഫയൽ ശരിയാംവണ്ണം പരിശോധിക്കുവാൻ സാധിച്ചിരുന്നില്ല എന്നുള്ള ടിയാന്റെ വാദം സ്വീകാര്യയോഗ്യമല്ല. എന്നാൽ ടിയാൻ നൽകിയ മറുപടിയിൽ ടി കെട്ടിടത്തിന് പെർമിറ്റ് 2013-ന് ശേഷം പുതുക്കി നൽകിയിട്ടില്ലെന്നതും കെട്ടിട നമ്പർ നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

കുറ്റം ചെയ്തു എന്ന് തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.ഡി. സജീവ് ലാലിന് എതിരെയുള്ള അച്ചടക്കനടപടി കെ.സി.എസ്. (സി.സി&എ.) ചട്ടങ്ങൾ 1960 പ്രകാരം ടിയാന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 2 വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ടി.ഡി. സജീവ് ലാൽ മുൻ സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.59194/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ